## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം<br>നം. 2081 | 10.10.2011-ലെ മറുപടിക്ക് |
|---|---|

### ആലപ്പുഴയിലെ അനധികൃത ക്ലിനിക്കൽ ലബോറട്ടറികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) നിലവിലുള്ള ക്ലിനിക്കൽ ലബോറട്ടറികളുടെ പ്രവർത്തനം കൃത്യമായി പരിശോധിക്കുവാനും മോണിറ്റർ ചെയ്യുവാനും സംവിധാനം നിലവിലുണ്ടോ; അതിന്റെ പ്രവർത്തനം വ്യക്തമാക്കാമോ; | എ) നിലവിലില്ല |
| ബി) ആലപ്പുഴ ജില്ലയിലെ ക്ലിനിക്കൽ ലബോറട്ടറികളിൽ നിശ്ചിത യോഗ്യതയില്ലാത്ത ടെക്നീഷ്യൻമാർ പ്രവർത്തിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നു പറയാമോ; | ബി) സർക്കാർ മേഖലയിലുള്ള ക്ലിനിക്കൽ ലബോറട്ടറികളിൽ യോഗ്യതയില്ലാത്ത ടെക്നീഷ്യൻമാർ ആരും തന്നെ പ്രവർത്തിക്കുന്നില്ല |
| സി)ഡോക്ടർമാർ ചില പ്രത്യേക ക്ലിനിക്കൽ ലബോറട്ടറികളിലെ റിസൾട്ടുകൾ മാത്രം പരിഗണിക്കുകയും മറ്റുള്ളവ നിരാകരിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഇല്ല |
| ഡി)ക്ലിനിക്കൽ ലബോറട്ടറികളിലെ വിവിധ ടെസ്റ്റുകൾക്കുള്ള നിരക്കുകൾ ഏകീകരിക്കുവാനും അവ വ്യക്തമായി പ്രദർശിപ്പിക്കാനും നടപടി കൈക്കൊള്ളുമോ? | ഡി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ